കാറ്റു വീഴ്ചക്കാലത്തെ സൂപ്പർതാരങ്ങൾ

കഥ: ഷീബ.ഇ.കെ | ഒ.വി. ഉഷ | സന്തോഷ് ഏച്ചിക്കാനം | റോസി തമ്പി | ഒ.അബ്ദുല്ല

₹ 12

# ചന്ദ്രിക

ആഴ്ചപ്പതിപ്പ്

ഓഗസ്റ്റ് 27–
സപ്തംബർ 2



# നിൻ ഗാനം പാടിത്തീർന്നുവോ

ജോൺസനെപ്പറ്റി ഷാജി ചെന്നൈ, വി.ടി. മുരളി, ഡോ. എം.ഡി. മനോജ്

**മിത്തും യാഥാർത്ഥ്യവും**

# മഹാബലിയുടെ യാഥാർത്ഥ്യം

ഡോ. അസീസ് തരുവണ



**പ**ണ്ടെന്നോ നടന്ന ഒരു സംഭവം വാമൊഴിയിലൂടെയും പിന്നീട് വരമൊഴിയിലൂടെയും പ്രചരിച്ച്, കാലാന്തരത്തിൽ അതിശയോക്തിയുടെയും അസത്യത്തിന്റെയും മൂടൽ മഞ്ഞിലകപ്പെട്ട് ആദിരൂപം നഷ്ടപ്പെട്ടുപോയ വികൃതചരിത്രമാണ് ഐതിഹ്യങ്ങൾ. അതിനാൽ, പല മിത്തുകളും കലർപ്പു ബാധിച്ച ചരിത്രസംഭവങ്ങളാവാം. മിത്തുകൾ ചരിത്രസ്രോതസ്സുകളാണെങ്കിലും ചരിത്രമല്ല. “മിത്തിനെ ചരിത്രമാക്കുമ്പോൾ ചരിത്രകാരൻ ചരിത്രത്തോടു വിടപറയുകയാണു ചെയ്യുന്നതെ”ന്ന് കെ.എൻ. പണിക്കർ അഭിപ്രായപ്പെട്ടത് അതിനാലാണ്.

ഏതൊരു മിത്തിന്റെയും ഒരു പാഠത്തിൽ ഒന്നിനു പിറകെ ഒന്നായിവരുന്ന ആഖ്യാനഘടകങ്ങളെ നിരത്തിവെച്ച് അവയുടെ പ്രത്യക്ഷഘടനയെ വിശകലനം ചെയ്താൽ പുതിയൊരു പാഠവും യാഥാർത്ഥ്യത്തിന്റെ തെളിഞ്ഞ മുഖവും കണ്ടെത്താനാവും.

കേരളോൽപ്പത്തിയുമായി ബന്ധപ്പെട്ട് പ്രചരിപ്പിക്കപ്പെടുന്ന പരശുരാമന്റെ കഥ, രാമ-രാവണ സംഘട്ടനം, മഹാബലിയെ വാമനൻ പാതാളത്തിലേക്കു ചവിട്ടിതാഴ്ത്തി എന്ന ഐതിഹ്യം തുടങ്ങിയവയെ ആഴത്തിൽ വിശകലനം ചെയ്താൽ ആര്യാധിനിവേശത്തിന്റെയും തദ്ദേശവാസികളെ കൂട്ടക്കൊല ചെയ്തതിന്റെയും ബ്രാഹ്മണ-സവർണ്ണ മേധാവിത്വം സ്ഥാപിക്കുന്നതിനുവേണ്ടി നടത്തിയ കൊടും ചതികളുടെയും ഞെട്ടിക്കുന്ന ചരിത്രം അനാവൃതമാകും.

## മഹാബലിയുടെ കഥ

1961-ൽ പട്ടം താണുപിള്ള ഓണത്തെ കേരളത്തിന്റെ ദേശീയോത്സവമായി പ്രഖ്യാപിക്കുന്നതുവരെ കേരളീയ ഹൈന്ദവ ആഘോഷമായിരുന്നു ഓണം. എന്നാൽ വിശ്വാസത്തിന്റെ പിൻബലത്തോടെ ഹൈന്ദവസമൂഹം ആഘോഷിക്കുന്ന ഒരു ദിനമായല്ല ഇന്നതിനെ കാണുന്നത്.

ഓണവുമായി ബന്ധപ്പെട്ട് ഒട്ടേറെ ഐതിഹ്യങ്ങൾ നിലവിലുണ്ടെങ്കിലും ‘ദേശീയോത്സവവാദി’കൾ സ്വീകരിക്കാറുള്ള പാഠം ഇങ്ങനെയാണ്: “കേരളം ഭരിച്ചിരുന്ന ഒരു അസുരരാജാവാണ് മഹാബലി. നീതിയിലും ധർമ്മത്തിലും അധിഷ്ഠിതമായ ഭരണമായിരുന്നു അദ്ദേഹം കാഴ്ചവെച്ചത്. വിരോചനന്റെ മകനായ മഹാബലിയുടെ ഭരണകാലത്താണ് പാലാഴിമഥനം നടന്നത്. പാലാഴിയിൽ നിന്നു ലഭിച്ച അമൃതിനുവേണ്ടി നടന്ന ദേവാസുരയുദ്ധത്തിൽ ബലി കൊല്ലപ്പെട്ടു. ഉടനെ അസുരഗുരുവായ ശുക്രാചാര്യർ ദിവ്യൗഷധങ്ങളുടെ ശക്തിയാൽ ബലിയെ പുനരുജ്ജീവിപ്പിച്ചു. പിന്നീട് മഹാബലി ദേവലോകം ആക്രമിച്ചു കീഴടക്കി. ദേവന്മാർ കാടുകളിൽ അഭയം പ്രാപിച്ചു. ദേവമാതാവായ അദിതി ദ്വാദശി വ്രതമനുഷ്ഠിച്ചു വിഷ്ണുവിനെ പ്രത്യക്ഷപ്പെടുത്തി സങ്കടം പറഞ്ഞു. മഹാവിഷ്ണു അവളിൽ നിന്ന് വാമനനായി അവതാരമെടുത്തു. നീതിമാനായ മഹാബലി ഒരു യജ്ഞം നടത്തിക്കൊണ്ടിരുന്ന വേളയിൽ വാമനൻ ഒരു മുനികുമാരന്റെ വേഷത്തിൽ അദ്ദേഹത്തെ സമീപിച്ച് മൂന്നടി സ്ഥലം തപസ്സുചെയ്യുന്ന ആവശ്യത്തിനു വേണ്ടി ദാനം നൽകണമെന്ന് അപേക്ഷിച്ചു. അളന്നെടുത്തുകൊള്ളാൻ മഹാബലി അനുവദിച്ചു. പെട്ടെന്ന് വാമനൻ സ്വയം വളർന്നു തുടങ്ങി. അംബരചുംബിയായ ഒരു മഹാ സ്വത്വമായിത്തീർന്ന വാമനൻ ഭൂമി മുഴുവൻ ഒരടി കൊണ്ടും സ്വർഗ്ഗ ലോകം മുഴുവൻ രണ്ടാമത്തെ അടികൊണ്ടും അളന്നെടുത്തു. മൂന്നമത്തെ അടിക്ക് സ്ഥലം തികയാതെ വന്നപ്പോൾ മഹാബലി സ്വന്തം ശിരസ്സു കാണിച്ചു കൊടുത്തു. വാമനൻ ഉടനെ മഹാബലിയെ ചവിട്ടി പാതാളത്തിലേക്ക് താഴ്ത്തി. ശിരസ്സിൽ കാലുവച്ചപ്പോൾ മഹാബലി ഒരു വരം ആവശ്യപ്പെട്ടു. എല്ലാ വർഷവും പ്രജകളായ കേരളീയരെ കാണാൻ ഒരു ദിവസമെന്നെ അനുവദിക്കണം. ഈ വരത്തിന്റെ അടിസ്ഥാനത്തിൽ മഹാബലി എല്ലാ വർഷവും കേരളത്തിൽ എത്തുന്നു.

അന്നാണ് ഓണം".

ആരാണ് രാക്ഷസന്മാരും അസുരന്മാരും? എന്താണ് ദേവലോകം? മാവേലിക്കഥയുടെ പിന്നിലെ ഗൂഢാലോചന എന്തായിരുന്നു? മഹാബലി പാതാളത്തിൽ നിന്നു മോചനം ആഗ്രഹിച്ചിരുന്നോ? പാതാളത്തിലേക്കു ചവിട്ടി താഴ്ത്തി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്.....? തുടങ്ങിയ ചോദ്യങ്ങൾക്കു ഉത്തരം കണ്ടെത്തിയാൽ ചില പിന്നാമ്പുറക്കഥകൾ വെളിവാകും, യഥാർത്ഥ ചരിത്രവും.

## അസുരന്മാരും രാക്ഷസന്മാരും

സുരൻ എന്ന ദേവനാമത്തിന്റെ വിപരീതമാണ് അസുരൻ. സുര എന്ന മദ്യം സേവിച്ചിരുന്നവർ സുരന്മാരും അത് ഉപയോഗിക്കാത്തവർ അസുരന്മാരുമായി. മഹാഭാരതം ആദിപർവ്വം 65-ാം അധ്യായത്തിൽ പറയുന്നത് ഇങ്ങനെയാണ്: ദക്ഷ പ്രജാപതിയുടെ പുത്രിയായ ദിതിയെ ബ്രഹ്മാവിന്റെ പൗത്രനും മരീചിയുടെ പുത്രനുമായ കശ്യപൻ വിവാഹം കഴിച്ചു. അവൾക്ക് അദിതി, കാല, ദനു, പ്രാഥ, വിശ്വ. വിനത, കപില, മുനി, തുടങ്ങിയ അനേകം സഹോദരിമാരുണ്ടായിരുന്നു. കശ്യപന് ദിതിയിലുണ്ടായ പുത്രന്മാർ അസുരന്മാരും (ദിതേയന്മാർ) ദിതിയുടെ സഹോദരിയായ അദിതിയിലുണ്ടായ പുത്രന്മാർ ദേവന്മാരു (ആദിതേയന്മാർ)മായിത്തീരുന്നു. അസുരന്മാരിൽ പണ്ഡിതന്മാരും നീതിമാന്മാരുമായ ഭരണാധികാരികളും ശിൽപ്പികളും ഭിഷഗ്വരന്മാരും സ്വാതികരുമുണ്ടായിരുന്നു. പ്രഹ്ലാദൻ, സംഹ്ലാദൻ, അനുഹ്ലാദൻ, ശാഖി, ശിബി ചക്രവർത്തി, വിരോചനൻ, കുംഭൻ, നികുംഭൻ, മഹാബലി, ബാണൻ, മഹാകാളൻ, വിപ്രചിത്തി, ശംബരൻ, നമുചി, പുലോമാവ്, വിശ്രുതൻ, അസിലോമാവ്, കേശി, അശ്വൻ, മഹാബലൻ, മൂർദ്ദാവ്, ഗാർഗ്ഗൻ,അശ്വപതി, അജകൻ, അശ്വഗ്രീവൻ, വിരൂപാക്ഷൻ, ഏകചക്രൻ, ചന്ദ്രൻ, കപടൻ, പരൻ, ശരഭൻ, സൂര്യൻ, ചന്ദ്രതമസ്സ്, മയൻ, ശുക്രാചാര്യർ തുടങ്ങിയവർ അസുരന്മാരിൽ പ്രധാനികളാണ്. ഇതിൽ മയൻ ശിൽപ്പിയും ശുക്രാചാര്യർ പണ്ഡിതനും, ശിബിയും മഹാബലിയും നീതിമാന്മാരായ ഭരണാധികാരികളുമാണ്. അസുരന്മാരിൽപ്പെട്ട ഒരു വിഭാഗമാണ് രാക്ഷസന്മാർ. അസുരന്മാരും രാക്ഷസന്മാരും ഇന്ത്യയിലെ പുരാതനമായ രണ്ടു ഗോത്രവിഭാഗങ്ങളാണെന്ന് അഭിപ്രായപ്പെട്ട ഒട്ടേറെ ഗവേഷകരും പണ്ഡിതന്മാരുമുണ്ട്.

സ്വന്തം മണ്ണും മാനവും സംരക്ഷിക്കുന്നതിനുവേണ്ടി പൊരുതിയവരാണ് രാക്ഷസന്മാർ. രക്ഷകർ എന്നാണ് പദാർത്ഥം. രാക്ഷോനാഥൻ എന്ന പദം രാക്ഷസശ്രേഷ്ഠൻ എന്ന അർത്ഥത്തിൽ ഉപയോഗിക്കാറുണ്ട്. ആര്യാധിനിവേശ ശക്തികളുടെ നിരന്തരാക്രമണത്തിനു വിധേയരായവരാണവർ. രാക്ഷസന്മാരെ കൊന്നൊടുക്കുന്നത് ഒരു പുണ്യകർമ്മമായാണ് സവർണ്ണകൃതികൾ പ്രചരിപ്പിക്കുന്നത്. പരാശരമുനി രാക്ഷസന്മാരെ ഒന്നടങ്കം നശിപ്പിക്കുന്നതിനു വേണ്ടി നടത്തിയ ഒരു രാക്ഷസ യജ്ഞത്തെപ്പറ്റി മഹാഭാരതം ആദി പർവ്വം 181-ാം അധ്യായത്തിൽ കാണാം. അതായത്, തദ്ദേശവാസികളായ ഒരു ജനസമൂഹത്തെ മുഴുവൻ വംശഹത്യ നടത്താനുള്ള യജ്ഞം!

ദേവന്മാരുടെ അധികാരാവകാശങ്ങളെ ചോദ്യം ചെയ്തിരുന്ന തദ്ദേശവാസികളെ, ഇന്ന് അമേരിക്കൻ അധിനിവേശത്തെ എതിർക്കുന്ന വരെ ഭീകരർ, തീവ്രവാദികൾ എന്നൊക്കെ വിശേഷിപ്പിക്കുന്നതുപോലെ അസുരന്മാർ രാക്ഷസന്മാർ എന്നു വിളിച്ചു ഒറ്റപ്പെടുത്തുകയാണ് അന്നു ചെയ്തിരുന്നത്. ഇന്ന് അമേരിക്ക, അഫ്ഗാനിസ്ഥാനിലും ഇറാഖിലും ചെയ്യുന്നതുപോലെ തങ്ങൾക്ക് ഇഷ്ടമില്ലാത്ത അനാര്യവിഭാഗങ്ങളെ പല തവണ ആര്യ-സവർണ വിഭാഗം കൂട്ടക്കൊല നടത്തിയിട്ടുണ്ട്. ദേവന്മാരും അസുരന്മാരും തമ്മിൽ 12 തവണ ഘോരയുദ്ധങ്ങൾ നടന്നതായി പത്മപുരാണത്തിൽ കാണാം:

"ഒന്നാമത്തേത് നരസിംഹം, രണ്ടാമത്തേത് വാമനം, മൂന്നാമത്തേത് വരാഹം, നാലാമത്തേത് അമൃതമഥനം, അഞ്ചാമത്തേത് താരകാമയം, ആറാമത്തേത് ആഡീബകം, ഏഴാമത് ത്രൈപുരം, എട്ടാമത് അന്ധകവധം, ഒൻപതാമത് വൃതവധം, പത്താമത് ധ്വജപാതം, പതിനൊന്നാമത് ഹലാഹലം, പന്ത്രണ്ടാമത് കോലാഹലം. ഹിരണ്യകശിപു നരസിംഹത്താൽ വധിക്കപ്പെട്ടു. മഹാബലിയെ വാമനൻ മൂന്നു ലോകങ്ങളും അളന്നു ബന്ധിച്ചു. ഹിരണ്യാക്ഷനെ സമുദ്രത്തിൽ വച്ച് ദ്വന്ദയുദ്ധത്തിൽ വരാഹം തേറ്റകൊണ്ട് രണ്ടായി ചീന്തി. പ്രഹ്ളാദനെ ഇന്ദ്രൻ വധിച്ചു. ഇന്ദ്രനെ കൊല്ലാൻ ഉദ്യമിച്ചിരുന്ന പ്രഹ്ളാദപുത്രനായ വിരോചനനെ ഇന്ദ്രൻ തന്നെ താരകാസുരയുദ്ധത്തിൽ കൊലപ്പെടുത്തി. ത്രിപുരവാസികളായ ദാനവന്മാരെയെല്ലാം ദേവകൾക്കു ശേഷിയില്ലാതാകയാൽ ത്രിലോചനൻ സംഹരിച്ചു. അന്ധകവധത്തിൽ ദൈത്യദാനവ പിശാചരെ ദേവപിതൃമനുഷ്യർ ചേർന്നു കൊന്നൊടുക്കി. ദാനവാന്വിതനായ വൃത്രനെ വിഷ്ണു സഹായകനായ വിണ്ണവർകോൻ വീഴ്ചിച്ചു. ധ്വജപാതാനന്തരം മായകൊണ്ടു മറഞ്ഞ യോഗജ്ഞനായ വിപ്രചിത്തിയെയും കൂട്ടുകാരനായ ദൈത്യദാനവന്മാരെയും ഹാലാഹലയുദ്ധത്തിൽ ഇന്ദ്രൻ തന്നെ ഹനിച്ചു. ജയകോലാഹലത്തിൽ ദേവകളെല്ലാം ധർമ്മത്തെ ചൂഴ്ന്ന് യജ്ഞാവഭൃത്തതിൽ വച്ച് ശണ്ഡാമാർക്കരെ പരാജിതരാക്കി. ഇങ്ങനെ ദേവാസുരന്മാർ തമ്മിൽ പന്ത്രണ്ടു യുദ്ധങ്ങൾ നടന്നിട്ടുണ്ട്. (പത്മപുരാണം, 4-ാം ഭാഗം, 13-ാം അധ്യായം)

## ദേവന്മാരും അസുരന്മാരും

കശ്യപന് അദിതിയിലുണ്ടായ പുത്രന്മാരാണു ദേവന്മാർ. പൗരാണികകാലത്തെ ശക്തരായ ഒരു സമുദായമായിരിക്കാം ദേവന്മാരുടേത്. സർവവ്യാപിയും സർവശക്തനുമായ ദൈവമെന്ന അർത്ഥത്തിലല്ല ദേവന്മാരെ പുരാണേതിഹാസങ്ങൾ പരിചയപ്പെടുത്തുന്നത്. പ്രത്യുത എല്ലാവിധ മാനുഷിക ദൗർബല്യങ്ങളുമുള്ളവരായിട്ടാണ്. അവരുടെ ആവാസസ്ഥലമോ അധികാരകേന്ദ്രമോ ആണ് ദേവലോകം. സവർണ മിത്തോളജി അവതരിപ്പിക്കുന്ന ദേവലോകം ഒരഴിഞ്ഞാട്ട കേന്ദ്രം കൂടിയാണ്. സുരോത്സവവും രതോത്സവവുമടക്കമുള്ള പേക്കൂത്തുകൾ അവിടെ നിത്യസംഭവമാണ്. സുരന്മാർ എന്ന പേരു പോലും ദേവന്മാർക്കു സിദ്ധിച്ചത് സുര എന്ന മദ്യം സേവിച്ചിരുന്നതിനാലാണ്. തദ്ദേശവാസികളായ അസുരരാജാക്കന്മാർ, പലപ്പോഴും ഈ അധികാരസ്ഥാപനത്തെ ആക്രമിച്ചതു ദേവന്മാരുടെ അധികാരഗർവും അധിനിവേശപ്രമത്തതയും സദാചാരഭ്രംശവും തകർക്കാനുദ്ദേശിച്ചാണ്. ചില യുദ്ധങ്ങളിലെങ്കിലും ദേവന്മാർ പരാജിതരാവുകയും ചെയ്തിട്ടുണ്ട്. മഹാബലി ദേവലോകം ആക്രമിച്ചപ്പോൾ ദേവന്മാർ കാടുകളിൽ അഭയം തേടിയെന്നു പറയുന്നത് അതിനാലാണ്.

അധിനിവേശത്തിന്റെ കുടിലതന്ത്രങ്ങൾ മെനഞ്ഞുണ്ടാക്കുന്ന പഴയ വൈറ്റ്ഹൗസാണ് ദേവലോകമെന്നു പുരാണേതിഹാസങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

## ദേവന്മാരുടെ ഗൂഢതന്ത്രം

സമൃദ്ധി, സമഭാവന, സാഹോദര്യം, സാമൂഹികനീതി തുടങ്ങിയ മഹാബലിയുടെ ഭരണനയങ്ങൾ ദേവന്മാർക്കും ബ്രാഹ്മണർക്കും സഹിച്ചിരുന്നില്ല. തങ്ങൾക്കു പ്രത്യേക സുഖസൗകര്യങ്ങൾ വേണമെന്നു ബ്രാഹ്മണരും ദേവന്മാരും ആവശ്യപ്പെടുകയും മഹാബലി അതു നിരസിക്കുകയും ചെയ്തതായി 'വാമനപുരാണ'ത്തിൽ കാണാം.

മഹാബലിയുടെ ഭരണസംവിധാനത്തിൽ രാജ്യത്തിലെല്ലാവർക്കും സുഖം ലഭിച്ചിരുന്നെങ്കിലും ബ്രാഹ്മണർക്കും ദേവകൾക്കും അവരർഹിക്കുന്ന വിധത്തിലുള്ള സുഖം നിഷേധിക്കപ്പെട്ടിരുന്നു. അവർ വിഷ്ണുവിനെ പ്രാപിച്ച് തങ്ങളുടെ ദു:ഖകഥ അറിയിച്ചു. വിഷ്ണു ഇങ്ങനെ പറഞ്ഞു: "ബലി എന്റെ ഒരു ഭക്തനാണ്. എങ്കിലും നിങ്ങളുടെ ഈ യാതനകൾ ദുരീകരി

ക്കുന്നതിനായി ഞാൻ താമസംവിനാ വാമനനായി അവതരിച്ചു കൊള്ളാം" (വാമനപുരാണം 77).

വിഷ്ണു വാമനനായി അവതരിക്കുമെന്ന വാർത്ത പ്രഹ്ളാദൻ വഴി മഹാബലി അറിഞ്ഞപ്പോൾ മാവേലി പുച്ഛിച്ചു തള്ളുകയാണു ചെയ്തത്. 'ആ വിഷ്ണുവിനേക്കാൾ നമ്മുടെ രാക്ഷസന്മാരാണ് ബലശാലികൾ' (അതേ കൃതി).

ചാതുർവർണ്യത്തിന്റെ തണലിൽ ബ്രാഹ്മണർ കൂടുതൽ അധികാരാവകാശങ്ങൾ കവരുന്നതു മഹാബലി കണ്ടിരുന്നു. അതിനാൽ തന്റെ ഭരണത്തിനു കീഴിൽ അത്തരം അസമത്വങ്ങൾ അദ്ദേഹം അനുവദിച്ചിരുന്നില്ല. "മഹാബലി ബാല്യകാലം മുതൽക്കേ ബ്രാഹ്മണ വിദ്വേഷിയായിരുന്നു"എന്ന് മഹാഭാരതം ശാന്തിപർവ്വം 90-ാം അധ്യായം 24-ാം പദ്യം സാക്ഷ്യപ്പെടുത്തുന്നു. വാമനനായി വന്ന മഹാവിഷ്ണുവിനെ തിരിച്ചറിയാൻ മഹാബലിക്കോ രാജസദസ്സിലുണ്ടായിരുന്നവർക്കോ കഴിഞ്ഞിരുന്നില്ലേ എന്ന ചോദ്യം പ്രസക്തമാണ്. ഭാഗവതം അഷ്ടമസ്കന്ധത്തിൽ നിന്നും മനസ്സിലാവുന്നത് ഇങ്ങനെയാണ്:

"ഗുരുവായ ശുക്രാചാര്യർ മഹാബലിയെ വിളിച്ച് ബാലൻ (വാമനൻ) ഒരു തട്ടിപ്പുകാരനാണെന്നും അതിനാൽ സ്ഥലം കൊടുക്കരുതെന്നും ഉപദേശിച്ചു. മഹാബലി അതൊന്നും അനുസരിച്ചില്ല. അദ്ദേഹം മൂന്നടി സ്ഥലം കൊടുക്കുന്നതിന്റെ പ്രാരംഭചടങ്ങായി ഒരു കുടത്തിൽ ജലദാനം ചെയ്യാനാഗ്രഹിച്ചു. ഉടനെ ശുക്രാചാര്യർ ഒരു കരടിന്റെ രൂപത്തിൽ കുടത്തിന്റെ മുഖത്തിൽ കയറിയിരുന്നു. അതുകൊണ്ട് ജലം സ്വച്ഛന്ദം വെളിയിലേക്കു പ്രവഹിച്ചില്ല.. ഈ വിവരം ധരിച്ച വാമനൻ ഒരു ദർഭപ്പുല്ലെടുത്ത് കരടിനിട്ടു കുത്തി. ആ പുല്ലിന്റെ അഗ്രം ശുക്രാചാര്യരുടെ ഒരു കണ്ണിലാണു തറച്ചത്. അന്നു മുതൽ ശുക്രാചാര്യർ ഏകനേത്രനായിത്തീർന്നു. ജലം നിർബാധം വാമനന്റെ കരതലത്തിൽ വീണു. കുപിതനായ ശുക്രൻ മഹാബലിയെ ശപിച്ചു. വാമനൻ സ്ഥലമളന്നു തുടങ്ങിയപ്പോൾ ഭയവിഹ്വലരായ അസുരന്മാർ കൈയിൽ കിട്ടിയ എല്ലാ ആയുധങ്ങളുമെടുത്ത് വാമനനെ ആക്രമിച്ചു. അവസാനം മഹാബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തി. അന്നുമുതൽ അസുരന്മാർ പാതാളവാസികളായിത്തീർന്നു. (ഭാഗവതം അഷ്ടമസ്കന്ധം).

## മഹാബലി മോചനം ആഗ്രഹിച്ചിരുന്നുവോ?

മഹാബലിയെ ചവിട്ടിത്താഴ്ത്തിയതിനെക്കുറിച്ച് പുരാണേതിഹാസങ്ങളിൽ കാണാം. ഇത്തരമൊരു പതനം മഹാബലി ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. അതിനാൽ പാതാളത്തിൽ നിന്നുള്ള ഒരു മോചനം മഹാബലി ആഗ്രഹിച്ചിരുന്നോ എന്നു വ്യക്തമാക്കുന്ന കഥകൾ പുരാണങ്ങളിൽ കാണാം. പാതാളത്തിൽ ബന്ധിച്ചുവെന്നു പറയപ്പെടുന്ന കോട്ടയ്ക്കാവട്ടെ, കാവൽക്കാരൻ ചതിയനായ വിഷ്ണുവുമാണ്. അതിനാൽ, ഗ്വണ്ടാനാമോ തടവറയിൽ അകപ്പെട്ട അവസ്ഥയിലാണ് മഹാബലി. മോചനത്തെക്കുറിച്ച് രാക്ഷസരാജാവായ രാവണനും മഹാബലിയും തമ്മിൽ നടന്ന ഒരു സംഭാഷണം ഇങ്ങനെ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്:

ഒരിക്കൽ രാവണൻ പാതാളത്തിൽ ബന്ധിതനായി കഴിഞ്ഞുകൂടുന്ന ബലിയെ സമീപിച്ച് ഇങ്ങനെ പറഞ്ഞു: "ഞാൻ നിങ്ങളെ ഉദ്ധരിക്കുന്നതിനു വന്നിരിക്കയാണ്. അതുകൊണ്ട് എന്റെ സഹായത്തോടു കൂടി നിങ്ങൾ വിഷ്ണുവിന്റെ ഈ ബന്ധനത്തിൽ നിന്നു മുക്തനാവുക", അതുകേട്ട് ബലി, അൽപ്പമകലെ അഗ്നിതുല്യം പ്രകാശിച്ചുകൊണ്ടിരുന്ന ഹിരണ്യകശിപുവിന്റെ കുണ്ഡലങ്ങൾ എടുത്തുകൊണ്ടുവരാൻ രാവണനോടു പറഞ്ഞു. രാവണൻ മുമ്പോട്ടു നീങ്ങി അതെടുക്കാൻ ആഗ്രഹിച്ച ഉടനെ ബോധമറ്റുവീണു. ഉടനെ ബലി രാവണനെ ബോധവാനാക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞു: ഈ കുണ്ഡലം എന്റെ പ്രപിതാമഹനായ ഹിരണ്യകശിപു ധരിച്ചിരുന്നതാണ്. ഇതുപോലും എടുക്കാൻ കഴിയാത്ത നിങ്ങൾ അദ്ദേഹത്തെ വധിച്ച വിഷ്ണുവിൽ നിന്ന് എന്നെ എങ്ങനെ മോചിപ്പിക്കും? വിഷ്ണു പരമശക്തനും എല്ലാറ്റിന്റെയും നാഥനുമാണ് (വാല്മീകി രാമായണം, ഉത്തരകാണ്ഡം പ്രക്ഷിപ്ത സർഗം).

## ചവിട്ടിത്താഴ്ത്തിയതോ കൊന്നതോ?

മഹാബലിയെ പാതാളത്തിലേക്കു ചവിട്ടിത്താഴ്ത്തി എന്ന വിവരണത്തിൽ ചില അവ്യക്തതകളുണ്ട്. ചവിട്ടിത്താഴ്ത്തി എന്നതിന് കൊന്നൊടുക്കി എന്നർത്ഥം പറയുന്നതാവും കൂടുതൽ ശരി. പൗരാണിക ഹൈന്ദവകൃതികളിൽ അതിനുള്ള സൂചനകൾ ലഭ്യമാണ്. മഹാബലിയെ ചവിട്ടിത്താഴ്ത്തിയ രംഗം ദേവീഭാഗവതം നവമസ്കന്ധത്തിൽ ഇങ്ങനെ വിവരിക്കുന്നു:

"ഇന്ദ്രനെ സന്തോഷിപ്പിക്കാൻ വേണ്ടി മഹാവിഷ്ണു വാമനന്റെ രൂപമെടുത്ത് മഹാബലിയുടെ അടുത്തു ചെല്ലുകയും ചതിയിൽ അദ്ദേഹത്തിന്റെ രാജ്യവും മറ്റും കൈക്കലാക്കിയ ശേഷം വരുണപാശ (കയർ) ത്താൽ കെട്ടിവരിഞ്ഞ് ഭൂമിയിൽ ഒരു ദ്വാരമുണ്ടാക്കി അതിൽക്കൂടി സുതലത്തിലേക്കു തള്ളിയിടുകയും ചെയ്തു" (പുരാണിക് എൻസൈക്ലോപീഡിയ).

കയറുകൊണ്ടു കെട്ടിവരിഞ്ഞ്, ഭൂമിയിൽ ദ്വാരമുണ്ടാക്കി മഹാബലിയെ അതിലിട്ടു എന്നതിന്റെ അർഥമെന്താണ്? കെട്ടിവരിഞ്ഞ് കുഴിയിൽ തള്ളിയ മഹാബലിയെ ദേവലോകം ഗൂഢാലോചനയിലൂടെ കൊന്നുവെന്നു നേർക്കുനേർ അർഥം പറഞ്ഞാൽ തെറ്റാകുമോ? ഭൂമി അൽപ്പം കുഴിച്ചാൽ മറ്റൊരു ദേശത്തോ ലോകത്തോ എത്തുകയില്ല എന്നിരിക്കെ 'കൊന്നു' എന്ന് ചവിട്ടിത്താഴ്ത്തിയതിന് അർഥം പറയുന്നതാവും കൂടുതൽ യുക്തിഭദ്രം. മഹാബലിയെ കൊന്നു എന്നു വിശ്വസിക്കുന്ന ഒട്ടേറെ ഗോത്രസമൂഹങ്ങളുണ്ട്. തങ്ങൾ മഹാബലിയുടെ മക്കളാണ് എന്നു വിശ്വസിക്കുന്നവരാണു വയനാട്ടിലെ അടിയാന്മാർ. മഹാബലിയെ കള്ളത്തമ്പുരാക്കൻമാർ ചതിയിൽ പെടുത്തിയതിനെക്കുറിച്ചും കീഴാളരെ തമ്മിലിടിപ്പിച്ചു ജാതികൾ ഉണ്ടാക്കിയതിനെക്കുറിച്ചും ചാതുർവർണ്യവ്യവസ്ഥ ആരംഭിച്ചതിനെപ്പറ്റിയും സുദീർഘമായ കഥകൾ അവരുടെ പെലപ്പാട്ടിലുണ്ട്. മഹാബലിയെ മൂക്കിലിടിച്ചു കൊന്നു എന്നാണതിൽ പറയുന്നത് (കെ. ജെ. ബേബി, 'മാവേലിമന്റ്'ത്തിൽ ഈ കഥ വിശദമായി പറയുന്നുണ്ട്). മഹാബലിയെ ചവിട്ടിത്താഴ്ത്തിയതോടെ അസുരന്മാർ ഒന്നടങ്കം പാതാളവാസികളായി എന്ന ഭാഗവതം അഷ്ടമസ്കന്ധത്തിലെ പരാമർശവും പഠനവിധേയമാക്കേണ്ടതാണ്. എങ്ങനെയാണവർ ഭൂമിക്കടിയിലുള്ള പാതാളത്തിലെത്തിയത്? ഏതാണ് ആ പാതാളത്തിലേക്കുള്ള വഴി?

കേരളത്തിൽ ചിലയിടങ്ങളിൽ ഓണനാളിൽ തൃക്കാക്കരയപ്പൻ എന്ന പേരിൽ മഹാവിഷ്ണുവിന്റെ മൺരൂപം ഉണ്ടാക്കി ആരാധിക്കുന്ന പതിവുണ്ട്. അതായത് അക്രമിയെ പൂവിട്ടു പൂജിക്കുന്ന സംസ്കാരവും വിശ്വാസവും! ചുരുക്കത്തിൽ, ഓണം സമൃദ്ധിയുടെയും സമഭാവനയുടെയും ഉത്തുംഗതയിൽ എത്തിയ ഒരു നല്ല കാലത്തെക്കുറിച്ചുള്ള സ്മരണകൾ ഉണർത്തുമ്പോൾ തന്നെ, അധിനിവേശത്തിന്റെയും വംശഹത്യയുടെയും ദുരന്ത സ്മരണകൾ കൂടി നമ്മുടെ മുമ്പിലെത്തിക്കുന്നു. നീതിയും ധർമവും വാണ മഹാബലിയുടെ ഭരണകൂടത്തെ ദേവലോക ഗൂഢാലോചന അട്ടിമറിച്ച, അനീതി വിജയം കണ്ട ദിനം. അതിനാൽ, അധിനിവേശ കാപട്യങ്ങൾക്കെതിരായ കരുത്തിൽ പ്രതീകമാണ് ഇന്നു മഹാബലി; ഒപ്പം ഒരധിനിവേശവിരുദ്ധദിനമായി ഓണം ആചരിക്കാനുമാവണം.

■